ഉത്തരം

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഫാക്കൾട്ടി അംഗങ്ങളാണ് പാഠപുസ്തക രചനയുടെ ചുമതല വഹിക്കുന്നത്.

(ബി)-(ഡി) രചനയിൽ പങ്കാളികളാവുന്നവർ പ്രധാനമായും സ്കൂൾ അദ്ധ്യാപകർ, ഡയറ്റ് ഫാക്കൾട്ടി അംഗങ്ങൾ, മനഃശാസ്ത്രജ്ഞർ, ബാലസാഹിത്യകാരൻമാർ തുടങ്ങിയവരാണ്. പുസ്തക രചന നടത്തുന്നവർക്കുള്ള വിവിധ വർക്ക് ഷോപ്പുകളിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ധാരാളം പ്രോഗ്രാമുകളിൽ പങ്കെടുത്ത് പരിചയമുണ്ട്. സർവ്വോപരി ഇവരിൽ ഭൂരിഭാഗവും പരിചയസമ്പന്നരായ സ്കൂൾ അദ്ധ്യാപകരാണ്.

27 (1570) അൺ എയിഡഡ് സ്കൂളുകളിൽ ഡി.പി.ഇ.പി. നടപ്പാക്കാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഡി.പി.ഇ.പി. പാഠ്യപദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഡി.പി.ഇ.പി. പാഠ്യപദ്ധതി എല്ലാ അൺ എയ്ഡഡ് സ്കൂളുകളിലും നിർബന്ധമാക്കാൻ ആവശ്യമായ നിയമം കൊണ്ടുവരുമോ;

(സി) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും പ്രസ്തുത പാഠ്യപദ്ധതിയുടെ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഡി.പി.ഇ.പി. പാഠ്യപദ്ധതി അംഗീകരിക്കാത്ത അൺ എയിഡഡ് സ്കൂളുകൾ നിർത്തലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കേരള സർക്കാർ സിലബസ് പിൻതുടരുന്ന എല്ലാ സ്കൂളുകളിലും പുതിയ പ്രൈമറി പാഠ്യപദ്ധതിയും ഡി.പി.ഇ.പി. യും പ്രാവർത്തികമാണ്. അൺഎയിഡഡ് സ്കൂളുകളിൽ ഭൂരിഭാഗവും ഇംഗ്ലീഷ് മീഡിയമാണ്. ഗവണ്മെന്റ് അംഗീകരിച്ച ഇംഗ്ലീഷ് മീഡിയം സിലബസ് പ്രൈമറി ക്ലാസുകളിൽ നിലവിലില്ല. അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിപ്പിക്കുന്ന ഇംഗ്ലീഷ് മീഡിയം സിലബസിന് പകരം മലയാളം മീഡിയം പ്രൈമറി പാഠ്യപദ്ധതി നിർബന്ധമാക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല.

(സി) അംഗീകാരമുള്ള അൺ എയിഡഡ് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അദ്ധ്യാപകർക്ക് ഡി.പി.ഇ.പി. പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) (എ) യും (ബി) യും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly